# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 560** — **29.06.2011-ൽ മറുപടിക്ക്**

## എൻ.ആർ.എച്ച്.എം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം പദ്ധതി നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിൽ നിന്ന് 2006-2011 കാലയളവിൽ സംസ്ഥാനത്തിന് ലഭിച്ച തുക എത്ര ; | (എ) എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം നാളിതുവരെ (2005-06 മുതൽ 2010-11 വരെ) കേന്ദ്ര സർക്കാരിൽ നിന്നും 831.96 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക ചെലവഴിച്ചത് നിയമാനുസൃതമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;<br><br>(സി) ഇല്ലെങ്കിൽ ഇക്കാര്യം സമഗ്രമായി പരിശോധിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | <u>(ബി)&(സി):</u><br>എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നതും ചെലവഴിക്കുന്നതും ഓരോ വർഷത്തെയും കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖ (Programme Implementation Plan) പ്രകാരമാണ്. ഇത് കൂടാതെ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന് കീഴിലുള്ള ഫണ്ടിന്റെ വിനിയോഗത്തിൽ താഴെ പറയുന്ന ഓഡിറ്റുകൾ ബാധകമാണ്.<br>1) സി.എ.ജി ഓഡിറ്റ് : 2005 മുതൽ എല്ലാ സാമ്പത്തിക വർഷവും കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ആഡിറ്റിംഗ് എൻ.ആർ. എച്ച്.എം ഫണ്ടിന് ബാധകമാണ്. 2010-11 സാമ്പത്തിക വർഷം വരെയുള്ള സി.എ.ജി ഓഡിറ്റ് നടത്തിയിട്ടുണ്ട്.<br>2) പെർഫോമൻസ് ഓഡിറ്റ് : എൻ.ആർ.എച്ച്.എം പ്രവർത്തനങ്ങളുടെ മൊത്തമായുള്ള അവലോകന മാണ് പെർഫോമൻസ് ഓഡിറ്റിന്റെ ഉദ്ദേശ്യം. എ.ജിയുടെ കീഴിലാണ് ഈ ഓഡിറ്റ് നടത്തുന്നത്. സംസ്ഥാന സൊസൈറ്റിയുടെ 2005 മുതലുള്ള പ്രവർത്തനങ്ങൾ ഈ ഓഡിറ്റിന് കീഴിൽപെടുന്നു.<br>3) സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് : കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം സി.എ.ജി. എംപാനൽ ചെയ്ത ചാർട്ടേഡ് അക്കൗണ്ടന്റ്സിന്റെ ലിസ്റ്റിൽ നിന്നും ഓപ്പൺ മാർക്കറ്റ് ടെൻഡറിംഗിലൂടെയാണ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററിനെ തെരഞ്ഞെടുക്കുന്നത്. 2005 മുതൽ ലഭിച്ച എൻ.ആർ. എച്ച്.എം ഫണ്ടുകൾക്ക് ഇത് ബാധകമാണ്. സംസ്ഥാന സൊസൈറ്റി നിയമിക്കുന്ന ഓഡിറ്റർ ഓരോ ജില്ലാ സൊസൈറ്റിയുടെയും സംസ്ഥാന സൊസൈറ്റിയുടെയും പ്രത്യേകം ഓഡിറ്റ് നടത്തി റിപ്പോർട്ട് സംസ്ഥാന സൊസൈറ്റിക്ക് കൈമാറുന്നു. ഈ റിപ്പോർട്ട് സംസ്ഥാന സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന് സമർപ്പിക്കുന്നു. 2005-06 മുതൽ 2009-10 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ/